**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6017** **19.11.2019-ൽ മറുപടിക്ക്**

**നെൽകർഷകർക്ക് വായ്പ പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എ.എൻ. ഷംസീർ** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | |
|---|---|
| സംസ്ഥാനത്തെ നെൽകർഷകർക്കായി സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന എന്തെല്ലാം തരത്തിലുള്ള വായ്പ പദ്ധതികളാണ് ഉള്ളതെന്നും ആയതിന്റെ നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി നെൽകൃഷിയ്ക്ക് പരിധിയില്ലാത്ത തുക പലിശരഹിത വായ്പയായി നൽകിവരുന്നു. കൂടാതെ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത മായി കാർഷിക വായ്പ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം സബ്‌വെൻഷൻ കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി സർക്കാർ നൽകുന്നതുവഴി ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിത വായ്പയായി നൽകി വരുന്നു.<br><br>കൂടാതെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നെൽകർഷകർക്കും കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ചുവടെ പറയും പ്രകാരമുള്ള പദ്ധതി ധനസഹായവും സർക്കാർ നൽകിവരുന്നു:-<br><br>• സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വ കാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ |

| | |
|---|---|
| | അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.<br><br>• കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25,000/- രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.<br><br>• സഹകരണ സംഘത്തിന് കൊയ്ത്ത് മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.<br><br>• സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിയ്ക്കായി കർഷകനു നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷുറൻസ് പ്രീമിയം തുക തിരിച്ച് നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.<br><br>• ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിതഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>• നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്. |

| | |
|---|---|
| | കാർഷിക വായ്പാസംഘങ്ങളുടെ ഉപനിബന്ധന പ്രകാരമുള്ള അപേക്ഷകൾ അംഗങ്ങളിൽ നിന്നും ലഭ്യമാക്കി ആയതിന്മേലാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത്. കൂടാതെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സമർപ്പിക്കുന്ന അനുയോജ്യമായ പ്രൊപ്പോസലുകൾ/പ്രോജക്ടുകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ബഡ്ജറ്റ് തുകയ്ക്ക് വിധേയമായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**